21201
26/11/19

File No.FWLD-F3/77/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവി വകുപ്പ്- വനം ജീവനക്കാരുടെ ഗ്രേഡ് ഡെസിഗ്നേഷൻ പ്രാബല്യത്തീയതി ജനുവരി ഒന്ന് എന്നത് മാറ്റി പകരം നിശ്ചിത കാലയളവ് സേവനം പൂർത്തീകരിക്കുന്ന മുറക്ക് എന്നാക്കി ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ച ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(എഫ്)വകുപ്പ്

G.O.(Ms)No.32/2019/F&WLD തീയതി,തിരുവനന്തപുരം, 03/11/2019

പരാമർശം:- 1 30.01.2013 ലെ സ.ഉ(കൈ)12/13/വനം നം. ഉത്തരവ്.

2 19.03.2015 ലെ സ.ഉ(കൈ)15/15/വനം നം. ഉത്തരവ്.

3 കേരളാ ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ 08.08.2018, 20.03.2019 തീയതികളിൽ സമർപ്പിച്ച നിവേദനം.

4. ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 04.10.2018, 01.07.2019 ലെ ഇ4-4405/10 നം. കത്തുകൾ.

ഉത്തരവ്

വനം വകുപ്പിലെ വനസംരക്ഷണ വിഭാഗം ജീവനക്കാരിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ,സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലെ ജീവനക്കാർക്ക് യഥാക്രമം 15,22,27 വർഷം ടി തസ്തികകളിൽ സേവനം പൂർത്തിയാകുന്ന മുറയ്ക്ക് ജനുവരി 1-ാം തീയതി വച്ച് ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ച് പരാമർശം (1), (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി തസ്തികകളിൽ നിശ്ചിത കാലം സേവനം പൂർത്തീകരിക്കുകയും എന്നാൽ ജനുവരി 1 ന് മുൻപ് വിരമിക്കുകയും ചെയ്യുന്ന ജീവനക്കാർ ടി ഗ്രേഡ് ഡെസിഗ്നേഷൻ ലഭ്യമാകാതെ വിരമിക്കേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നുവെന്നും, ആയത് ടി ജീവനക്കാരോടുള്ള നീതി നിഷേധിക്കലാകുമെന്നതിനാൽ ഗ്രേഡ് ഡെസിഗ്നേഷൻ പ്രാബല്യത്തീയതി ജനുവരി ഒന്ന് എന്നത് മാറ്റി പകരം ഗ്രേഡ് ഡെസിഗ്നേഷനായുള്ള നിശ്ചിത കാലയളവ് സേവനം പൂർത്തീകരിക്കുന്ന മുറയ്ക്ക് എന്നാക്കി മാറ്റി പരാർശം (1) പ്രകാരമുള്ള ഉത്തരവ് പുനപ്പരിശോധിക്കണമെന്നാവശ്യപ്പെട്ട് പരാമർശം(4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗ്രേഡ് ഡെസിഗ്നേഷൻ നൽകുമ്പോൾ പ്രസ്തുത ഡെസിഗ്നേഷനിൽ അധിഷ്ഠിതമായ ചുമതലകൾക്കോ അധികാരങ്ങൾക്കോ അർഹതയുണ്ടായിരിക്കുകയില്ലെന്ന നിബന്ധനയോടെയും, ടി പുനർനാമകരണം(redesignation) ഭാവിയിൽ സർക്കാരിന് ഒരു സാമ്പത്തിക ബാധ്യതയും ഉണ്ടാക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെയും , വനം വകുപ്പിലെ വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഗ്രേഡ് ഡെസിഗ്നേഷൻ ആനുകൂല്യം അനുവദിച്ച് പരാമർശം(1) പ്രകാരം

പുറപ്പെടുവിച്ച ഉത്തരവിലെ പ്രാബല്യത്തീയതി മാത്രം മാറ്റി ജനുവരി ഒന്ന് എന്നതിനു പകരം അതത് തസ്തികകളിൽ നിശ്ചിത കാലയളവ് സേവനം പൂർത്തീകരിക്കുന്ന തീയതി പ്രാബല്യത്തിൽ എന്നാക്കി പരാമർശം (1) ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR.ASHA THOMAS IAS

ADDITIONAL CHIEF SECRETARY

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

പ്രസിഡന്റ്, കേരളാ ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ (ഭരണവിഭാഗം ഉപമുഖ്യവനപാലകൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

വെബ്& ന്യൂ മീഡിയ.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്(ഫയൽ നം.ADV-A3/67/2019-P&ARD)

ധനകാര്യ വകുപ്പ്(ഫയൽ നംAgri-B2/17/2017-ഫിൻ)

പൊതുഭരണ(എസ്.സി) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.